# LFLPS LOKAMALESWARAM

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-2026



# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഫലമായി സംസ്ഥാന വിദ്യാഭ്യാസ മേഖലയിൽ അദ്ഭുതപൂർവ്വമായ ഉണർവ് കൈവരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. മികച്ച പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. അന്തർദേശീയ തലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം വിദ്യാഭ്യാസ രംഗത്ത് വളരെ മുന്നിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

എൽ. എഫ്. എൽ. പി. എസ്. ലോകമലേശ്വരം എന്ന ഈ വിദ്യാലയത്തിലും കുട്ടികളുടെ പഠനവിടവ് നികത്തുന്നതിനും പരിമിതികളെ മറികടന്ന് നേട്ടത്തിന്റെ പാതയിൽ എത്തുന്നതിനും അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതായുണ്ട്. കുട്ടികൾക്ക് മികച്ച ഭൗതികസാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും അക്കാദമികരംഗത്ത് കൂടുതൽ മികവുകൾ കൈവരിക്കുകയും വേണം. ഈ വർഷം ചെയ്യേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അതിനായി അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നു

# ലക്ഷ്യങ്ങൾ

* കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അവയെ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനും അവസരം സൃഷ്ടിക്കുക.
* സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നു.
* സ്കൂളിന്റെ അക്കാദമിക നിലവാരം ഉയർത്തുന്നു.
* പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം ഉറപ്പാക്കുന്നു.
* സർഗപരമായ കലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിലുള്ള സന്ദർഭങ്ങൾ ഒരുക്കുന്നു.
* വായനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു.
* കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നു.
* കലാകായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നു.

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് നിർവഹണച്ചുമതല |
|---|---|---|
| അക്ഷരദീപം<br>കുട്ടികളുടെ മാതൃഭാഷാ നിലവാരം ഉയർത്താൻ, സർഗാത്മക രചനകളിൽ ഏർപ്പെടുവാൻ കുട്ടികൾക്ക് അവസരമൊരുക്കുന്നു. | • ക്ലാസ് മുറിയിൽ നടക്കേണ്ട വായനാ പ്രവർത്തനങ്ങൾ എല്ലാ കുട്ടികളെയും ഉൾക്കൊള്ളിച്ച് നടത്തി പതിപ്പാക്കി മാറ്റുന്നു. | ജൂലൈ to മാർച്ച്<br>ക്ലാസ് ടീച്ചർ |
| | • ബാലസഭകൾ ശക്തിപ്പെടുത്തുന്നു. അജണ്ട മുൻകൂട്ടി നിശ്ചയിക്കുന്നു. കുട്ടികളെ ഗ്രൂപ്പായി തിരിക്കുന്നു. | HM |
| | • അക്ഷരം ഉറപ്പിക്കുന്നതിനും ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനുള്ള വർക്ക്ഷീറ്റ് തയ്യാറാക്കുന്നു. | ക്ലാസ് ടീച്ചർ |
| | • പ്രാദേശികമായി ലഭിക്കുന്ന എഴുത്തുകാരെ സ്കൂളിലേക്ക് ക്ഷണിച്ച്, അവരുമായി സംവാദത്തിൽ ഏർപ്പെടുന്നതിന് അവസരം ഒരുക്കുന്നു. | നിശ്ചിത ദിവസങ്ങളിൽ<br>OSA<br>PTA |
| | • ദിനാചരണങ്ങൾ കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ | ജൂൺ to മാർച്ച്<br>ക്ലാസ് ടീച്ചർ |
| ഗണിതശേഷി വികസനം | • കുട്ടികൾക്ക് ഗണിതം അനായാസകരമാക്കുന്നതിന് ഗണിത കിറ്റ് തയ്യാറാക്കുന്നു. അബാക്കസ് ക്ലാസുകൾ ആഴ്ചയിൽ ഒരു ദിവസം നൽകുന്നു. | ജൂൺ to മാർച്ച്<br>ക്ലാസ് ടീച്ചർ<br>PTA |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഇംഗ്ലീഷ് പഠന പരിപോഷണം | • എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുന്നതിനുവേണ്ടി work sheet കൾ തയ്യാറാക്കുന്നു.<br>• ആഴ്ചയിൽ രണ്ട് ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു.<br>• ഇംഗ്ലീഷ് വായനാ കാർഡുകൾ ചെറുകഥകൾ എന്നിവ ലഭ്യമാക്കുന്നു.<br>• അസംബ്ലിയിൽ കുട്ടികൾ ഓരോ വസ്തുക്കളെ കുറിച്ചും വിവരണം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>• ആഴ്ചയിൽ ഒരിക്കൽ spoken English ക്ലാസുകൾ ലഭ്യമാക്കുന്നു. | June to March |
| ശാസ്ത്രാഭിരുചി വളർത്താൻ | • ഓരോ ക്ലാസിനും അനുയോജ്യമായ ലഘു പരീക്ഷണങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ, സയൻസ് ക്ലബ്ബ് അംഗങ്ങൾ നേതൃത്വം നൽകുന്നു. ക്വിസ് മത്സരങ്ങൾ നടത്തുന്നു, ശാസ്ത്രാഭിരുചി വളർത്തുന്ന ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | June to March<br><br>സയൻസ് ക്ലബ്ബ് അംഗങ്ങൾ, അധ്യാപകർ |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് ചുമതല |
|---|---|---|
| അക്കാദമികം<br>SRG ശാക്തീകരണം | എല്ലാ ആഴ്ചയിലും പ്രധാന അധ്യാപികയുടെ നേതൃത്വത്തിൽ SRG യോഗം കൂടുകയും, ദിനാചരണങ്ങൾ പഠന പ്രവർത്തനങ്ങളുടെ ആസൂത്രണം, ദിനാചരണങ്ങളുടെ അവലോകനവും നടത്തണം. മികവുകൾ, പ്രശ്നങ്ങൾ എന്നിവ പങ്കുവയ്ക്കുകയും പരിഹാര മാർഗങ്ങൾ ചർച്ച ചെയ്ത് നടപ്പിലാക്കുന്നു. | June to March<br>SRG കൺവീനർ |
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പ്രവർത്തനങ്ങൾ<br>"അക്ഷരത്തിരിവ്" | • ജൂൺ മാസത്തിൽ എല്ലാ ദിവസവും 3 മണി മുതൽ അക്ഷര പരിചയം, മെച്ചപ്പെടുത്ത്. തുടർന്ന് -<br>വായനാ കാർഡ്<br>പദകേളി<br>വാക്യ രചന, വായന, ചങ്ങല വായന പദം പദമെഴുത്ത്, പദങ്ങൾ കണ്ടെത്തൽ എന്നീ പ്രവർത്തനത്തിലൂടെ വായന, അക്ഷരം എന്നിവ കൂടുതൽ പരിചയപ്പെടുത്തുന്നു.<br><br>ഉച്ചയ്ക്ക് 1.30 to 2.15 വരെ പ്രത്യേക ക്ലാസുകളും പ്രവർത്തനങ്ങളും വർക്ക് ഷീറ്റുകളും നൽകുന്നു. | June - to March<br>അധ്യാപകർ |

| മേഖല | പ്രവർത്തനങ്ങൾ | ചുമതല കാലയളവ് |
| --- | --- | --- |
| അക്കാദമികം | 2, 4 ക്ലാസുകളിലെ പുതിയ പാഠപുസ്തകങ്ങൾ കുട്ടികളിലെ സർഗവാസനകളെ ഉണർത്താൻ പ്രാപ്തമായവയാണ്. പാഠഭാഗങ്ങൾ സചിത്ര പുസ്തകത്തിന്റെ രൂപത്തിലാക്കുന്നു. പാട്ടരങ്ങ്, സർഗാത്മക കഥയറി, റീഡേഴ്സ് തിയേറ്റർ, കാവ്യോത്സവം, കാവ്യാവിഷ്കാരം എന്നീ പുതിയ പ്രബോധന രീതികൾ ഭാഷാവികസനത്തിന് ഉതകുന്നവയാണ് | June to march |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് ചുമതല |
|---|---|---|---|
| | ഭൗതികം | | |
| 1. | സ്വയം പര്യാപ്തമായ ക്ലാസ്റൂം | എല്ലാ ക്ലാസ്മുറികളിലും ചാർട്ട്, A4 sheet, സെല്ലോടേപ്പ്, ക്രയോൺസ്, ഗ്ലൂസ്റ്റിക്, കലണ്ടർ, ക്ലോക്ക്, ഫസ്റ്റ് എയ്ഡ് ബോക്സ്, ICT സൗകര്യം എന്നിവ ഒരുക്കണം. | ജൂൺ to March PTA OSA |
| 2. | ക്ലാസ് ലൈബ്രറി | എല്ലാ ക്ലാസ്മുറികളിലും വായനാമൂലകൾ സജ്ജീകരിക്കണം. കൂടുതൽ പുസ്തകങ്ങൾ ഉൾക്കൊള്ളിക്കണം. | ജൂൺ to ഡിസംബർ PTA, teachers. |
| 3. | സ്കൂൾ വരാന്ത ടൈലിട്ട് മനോഹരമാക്കൽ | സ്കൂൾ വരാന്ത അനാകർഷകമായതിനാൽ കൂടുതൽ ആകർഷകമാക്കാൻ ടൈലിട്ട് മനോഹരമാക്കാൻ ഉദ്ദേശിക്കുന്നു | 1 വർഷത്തിനുള്ളിൽ PTA, OSA, H.M |
| 4. | കുട്ടികൾക്ക് മാനസികോല്ലാസത്തിന് ഉതകുന്ന ഊഞ്ഞാൽ ഒരുക്കൽ. | കുട്ടികൾക്ക് ആടിക്കളിക്കുന്നതിന് 2 ഊഞ്ഞാൽ ഒരുക്കാൻ ഉദ്ദേശിക്കുന്നു. | 1 വർഷത്തിനുള്ളിൽ PTA, OSA, H.M. |
| 5. | ഭിത്തിയിൽ ചുമർചിത്രങ്ങൾ വരച്ച് മനോഹരമാക്കൽ. | സ്കൂളിന്റെ ഭിത്തികൾ ചിത്രങ്ങൾ വരച്ച് ആകർഷകമാക്കാൻ ഉദ്ദേശിക്കുന്നു. | 1 വർഷത്തിനുള്ളിൽ PTA, OSA, H.M, teachers. |

| | | | |
|---|---|---|---|
| | | | |
| 6. | ക്ലാസ് മുറികൾ ടൈലിട്ട് നിരത്തുക. | ക്ലാസ് മുറികൾ ടൈലിട്ട് നിരത്താൻ ഉദ്ദേശിക്കുന്നു | 1 വർഷത്തിനുള്ളിൽ. HM, teachers, OSA, PTA |
| 7. | സ്കൂൾ auditoriam നിർമിക്കാൻ. | ക്ലാസിന് പുറത്ത് കുട്ടികൾക്ക് സൗകര്യപ്രദമായ രീതിയിൽ School auditoriam നിർമിക്കാൻ ഉദ്ദേശിക്കുന്നു. | 1 വർഷം. PTA, OSA, HM, teachers. |
| 8. | കുട്ടികൾക്ക് മാനസികോല്ലാസത്തിന് ഉതകുന്ന സ്ലൈഡ്, ഊഞ്ഞാൽ | കുട്ടികൾക്ക് കളിക്കുന്നതിന് വേണ്ടി 1 സ്ലൈഡ്, 1 സീസോ എന്നിവ നിർമാണം നടത്താൻ ഉദ്ദേശിക്കുന്നു. | June to December. PTA, H.M. |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് നടത്തിപ്പ് |
| --- | --- | --- |
| ലൈബ്രറി | ലൈബ്രറി ഭംഗിയായി സജ്ജീകരിക്കണം. കുട്ടികൾക്ക് എളുപ്പത്തിൽ തിരഞ്ഞെടുക്കാൻപറ്റുന്ന വിധത്തിൽ കഥ, കവിത, നോവലുകൾ എന്നിങ്ങനെ തരംതിരിച്ച് ക്രമീകരിക്കുന്നു. ലൈബ്രറി പുസ്തകങ്ങൾ ഇരുന്ന് വായിക്കുന്നതിനുള്ള സൗകര്യം ഒരുക്കണം.<br>പുസ്തകങ്ങൾ ആഴ്ചയിൽ ഒരിക്കൽ കുട്ടികൾക്ക് നൽകുകയും അവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കാൻ അധ്യാപകരെ ചുമതലപ്പെടുത്തുന്നു. | ജൂൺ to മാർച്ച്<br><br>അധ്യാപകർ<br>SRG<br>HM |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | ഓരോ ക്ലബ് പ്രവർത്തനങ്ങൾക്കും അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികളെ ഗ്രൂപ്പായിതിരിക്കുന്നു. ക്ലബ്ബ് രൂപീകരിക്കുന്നു.<br>ആഴ്ചയിൽ ഒരു ദിവസം ക്ലബിന്റെ പ്രവർത്തനങ്ങൾ നടത്തുന്നു.<br>* ദിനാചരണങ്ങൾ<br>* കഥാകഥനം<br>* കവിത<br>* ക്വിസ് മത്സരങ്ങൾ<br>* ശാസ്ത്ര പരീക്ഷണങ്ങൾ<br>* പോസ്റ്റർ നിർമ്മാണം<br><br>etc. | ജൂൺ to മാർച്ച്.<br><br>അധ്യാപകർ<br>SRG<br>HM |

| മേഖല | പ്രവർത്തനങ്ങൾ | കാലാവധി ചുമതല |
|---|---|---|
| അക്കാദമികം | ഈ അധ്യയനവർഷം കൂടുതൽ പ്രാധാന്യം നൽകുന്നത് കുട്ടികളുടെ സർഗാത്മക രചനകൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ | ജൂൺ to മാർച്ച് |
| | ഉണ്ണി പേരിൽ വിദ്യാലയത്തിന്റെ തനതു പ്രവർത്തനമായി തിരഞ്ഞെടുത്തിരിക്കുന്നു.<br>• ഓരോ മാസവും വിദ്യാർത്ഥികൾക്കായി ഓരോ വിഷയങ്ങൾ തിരഞ്ഞെടുക്കുകയും അവ വിവിധതലത്തിൽ ക്ലാസുകൾക്ക് വിഭജിച്ചു നൽകി. രചനകൾ സൃഷ്ടിക്കുവാൻ അവരെ പ്രാപ്തരാക്കുവാൻ പരിശീലിപ്പിക്കുന്നു. | SRG<br>അധ്യാപകർ<br>PTA. |
| | ★ ഉണ്ണി വീട്<br>1-ാം ക്ലാസ് → ചിത്രരചന<br>2-ാം " → ചിത്രരചന അംഗങ്ങളുടെ പേര് എഴുതുന്നു.<br>3-ാം ക്ലാസ് → ചിത്രരചന, പേര് എഴുതാനും വാക്യങ്ങൾ നിർമ്മിക്കുന്നു.<br>4-ാം ക്ലാസ് → ചിത്രരചന കവിതാരചന. | ജൂൺ |

| മേഖല | പ്രവർത്തനങ്ങൾ | കാലാവധി, ചുമതല |
| --- | --- | --- |
| | • മഴ - ചിത്രരചന, പദാവലി നിർമ്മാണം, വാക്യരചന, മഴകഥ, കവിത, മഴയോടുകൂടെ സംഭാഷണം | ജൂലൈ |
| | • പൂക്കൾ - ചിത്രരചന, പൂക്കൾ നിർമ്മാണം, പ്രദർശനം, പദാവലി, കവിതരചന, കുറിപ്പ് | ആഗസ്റ്റ് |
| | • അവധിക്കാലം:- ചിത്രരചന, ചിത്രങ്ങൾ ശേഖരിച്ച് കൊളാഷ് നിർമ്മാണം, കത്ത് തയാറാക്കൽ, ഓർമക്കുറിപ്പ് | സെപ്റ്റംബർ |
| | • അമ്മ :- ചിത്രരചന, വർണന, സംഭാഷണം, കഥ, കവിത. | ഒക്ടോബർ |
| | • ഫലങ്ങൾ :- ചിത്രരചന, പദകാർഡ്, വർണന, കഥ, കവിതാരചന, സംഭാഷണം | നവംബർ |
| | • മഴവില്ല് :- ചിത്രരചന, വർണന, കവിതാരചന | ഡിസംബർ |

| മേഖല | പ്രവർത്തനങ്ങൾ | പൂർത്തി കാലാവധി |
| --- | --- | --- |
| | • വിദ്യാലയം - ചിത്രരചന, പദനിർമ്മാണം, കഥാരചന, കവിതാരചന | ജനുവരി |
| | • എന്റെ സുഹൃത്ത്:- ചിത്രരചന, പദനിർമ്മാണം, സംഭാഷണം, സുഹൃത്തിനൊരു കത്ത് | ഫെബ്രുവരി |
| | കുട്ടികൾ തയ്യാറാക്കുന്ന വിവിധ രചനകൾ അദ്ധ്യാപകർ പതിപ്പുകളാക്കി സൂക്ഷിക്കുകയും PTA, അസംബ്ലി എന്നിവടങ്ങളിൽ അവ പ്രദർശിപ്പിക്കുന്നതിനും അവതരിപ്പിക്കുന്നതിനും അവസരമൊരുക്കുന്നു. | |

| മേഖല | പ്രവർത്തനങ്ങൾ | കാലാവധി ചുമതല |
|---|---|---|
| ദിനാചരണങ്ങൾ | • പരിസ്ഥിതി ദിനം<br>വൃക്ഷത്തൈ നടൽ, പോസ്റ്റർ ക്വിസ്, ദിന സന്ദേശം.<br>• വായനാദിനം<br>സാഹിത്യകാരനെ അറിയൽ, പോസ്റ്റർ ക്വിസ്, പ്രസംഗം<br>• യോഗാദിനം<br>യോഗ പരിശീലനം<br>• ബഷീർ ദിനാചരണം<br>പുസ്തക പരിചയം, ക്വിസ് മത്സരം, പ്രച്ഛന്നവേഷമത്സരം<br>• അബ്ദുൾ കലാം ചരമദിനം<br>വീഡിയോ പ്രദർശനം<br>• പുസ്തക പരിചയം<br>• സന്ദേശം<br>• ഹിരോഷിമ നാഗസാക്കി ദിനം<br>പോസ്റ്റർ, സന്ദേശം<br>• സ്വാതന്ത്ര്യദിനം<br>പതാക ഉയർത്തൽ, മധുരം നൽകൽ, പ്രസംഗം, പതാക നിർമ്മാണം, സന്ദേശം, ദേശഭക്തിഗാന മത്സരം<br>• അധ്യാപക ദിനം<br>ആശംസാകാർഡ്, സന്ദേശം | ജൂൺ<br>സുനിതാജോസ്<br>നിമ V.T<br><br>ജൂലൈ<br><br>ആഗസ്റ്റ്<br>മിനി. P.U |

| മേഖല | പ്രവർത്തനങ്ങൾ | കാലാവധി ചുമതല |
| --- | --- | --- |
| | • ഓണം<br>ഓണാഘോഷപരിപാടികൾ, സദ്യ, പൂക്കളമത്സരം, ഓണപ്പാട്ടുകൾ, ഓണക്കളികൾ | സെപ്റ്റംബർ<br>സുനിത ജോസ് |
| | • ഗാന്ധിജയന്തി<br>ക്വിസ്, പ്രസംഗം, ദേശഭക്തിഗാനം, ചിത്രരചന, പോസ്റ്റർ | ഒക്ടോബർ<br>മിനി. P.U |
| | • വയലാർ ചരമദിനം<br>വയലാറിന്റെ ഗാനങ്ങൾ പരിചയപ്പെടൽ. | |
| | • കേരളപ്പിറവി ദിനം<br>ജില്ലകൾ, ചരിത്രം, വീഡിയോ പ്രദർശനം, ക്വിസ്, ചിത്രരചന | നവംബർ<br>സുനിത ജോസ് |
| | • ശിശുദിനം<br>കുട്ടികളുടെ കലാപരിപാടികൾ, റാലി, ചാച്ചാജിയുടെ വേഷം. | ഒക്ടോബർ<br>നിമ V.T |
| | • ക്രിസ്തുമസ്<br>കുട്ടികളുടെ കലാപരിപാടികൾ, ആഘോഷം, കരോൾ | ഡിസംബർ<br>ഹരിത. N.H |

| മേഖല | പ്രവർത്തനങ്ങൾ | ചുമതല കാലാവധി |
| --- | --- | --- |
| ജൈവവൈവിധ്യ പാർക്ക് | സസ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട നിരീക്ഷണ പരീക്ഷണങ്ങൾക്കാവശ്യമായ സസ്യങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി ഒരു പൂന്തോട്ടവും പച്ചക്കറിത്തോട്ടവും, ഔഷധസസ്യത്തോട്ടവും നിർമ്മിക്കുക. കുട്ടികൾ ചെടികൾ കൊണ്ടുവന്ന് നടുകയും പച്ചക്കറിത്തൈകൾ ഗ്രോബാഗുകളിൽ നട്ടു പിടിപ്പിക്കാനും തീരുമാനിച്ചു. രക്ഷിതാക്കളുടെ സഹായത്തോടെ കൂടുതൽ ചെടികളും പച്ചക്കറിത്തൈകളും നട്ടുപിടിപ്പിക്കുന്നു. | ജൂൺ to മാർച്ച്<br>PTA<br>Teachers<br>HM<br>OSA |
| ICT സാധ്യത പ്രയോജനപ്പെടുത്തൽ | • വിവരസാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു.<br>• പാഠപുസ്തകത്തിലെ ആശയാവതരണത്തിന് ICT സാധ്യത ഉപയോഗിക്കുന്നു. | ജൂൺ to മാർച്ച് |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് ചുമതല |
|---|---|---|
| പ്രവർത്തി പരിചയം | • കടലാസ് പൂവ് നിർമ്മാണം<br>• ചിത്ര തുന്നൽ<br>• വെജിറ്റബിൾ പ്രിന്റിംഗ്<br>• മുത്തുകൾ കൊണ്ട് ആഭരണനിർമ്മാണം<br>• പാവ നിർമ്മാണം<br>• ഫാബ്രിക് പെയിന്റിംഗ് എന്നിവ പരിശീലിപ്പിക്കുന്നു | ജൂൺ to ജനുവരി<br>SRG<br>PTA<br>അധ്യാപകർ |
| കലാവിദ്യാഭ്യാസം | സംഗീതം, ഡാൻസ്, ചിത്രരചന, പെൻസിൽ രചന വർക്കുകൾ എന്നിവ പഠിപ്പിക്കാൻ പുറത്തുനിന്ന് അധ്യാപകരെ കൊണ്ടുവരാൻ തീരുമാനിച്ചു. | ജൂൺ to മാർച്ച്<br>SRG<br>PTA |
| ആരോഗ്യ കായിക വിദ്യാഭ്യാസം | കുട്ടികൾക്ക് കളിക്കാൻ കൂടുതൽ കളിയുപകരണങ്ങൾ ഒരുക്കുമെന്നും കരാട്ടെ ആഴ്ചയിൽ ഒരിക്കൽ പരിശീലിപ്പിക്കാനും തീരുമാനിച്ചു. PT പിരിഡ് കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകാനും തീരുമാനിച്ചു. | ജൂലൈ to മാർച്ച്<br>SRG<br>കൺവീനർ |